## സുനാമിമൂലം ഭവനരഹിതരായവരുടെ പുനരധിവാസം

174 [175] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിമൂലം ഭവനരഹിതരായ എത്ര പേർക്ക് ഏതെല്ലാം ഏജൻസികൾവഴി ഇതിനകം വീടുവച്ച് താക്കോൽ കൈമാറിയിട്ടുണ്ട്;

(ബി) ഇത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വിശദമാക്കാമോ;

(സി) സുനാമിമൂലം തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ട എത്രപേർക്ക് എന്ത് തുക ഇതിനകം വിതരണം നടത്തി, ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ; ഇനിയും തുക നൽകുവാനുണ്ടോ എന്ന് അറിയിക്കാമോ?

*ഉത്തരം*

(എ) സുനാമിമൂലം ഭവനരഹിതരായ 159 പേർക്ക് വീടുവച്ച് താക്കോൽ കൈമാറിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ മാതാ അമൃതാനന്ദമയി മഠം 16 വീടുകളും കെ. എസ്. ഇ. ബി. ഓഫീസേഴ്സ് അസോസിയേഷൻ ഒരു വീടും നിർമ്മിച്ചു നൽകി കഴിഞ്ഞു. ആലപ്പുഴ ജില്ലയിൽ മാതാ അമൃതാനന്ദമായി മഠം 89 വീടുകളും കെ. എസ്. ഇ. ബി. ഓഫീസേഴ്സ് അസോസിയേഷൻ ഒരു വീടും നിർമ്മിച്ചു നൽകിക്കഴിഞ്ഞു. എറണാകുളം ജില്ലയിൽ കെ.ജി.എ. ഗ്രൂപ്പ് 26 വീടുകളും മാതാ അമൃതാനന്ദമയി മഠം 18 വീടുകളും, കൊച്ചിൻ സോഷ്യൽ സർവ്വീസ് സൊസൈറ്റി 8 വീടുകളും നിർമ്മിച്ചുനൽകി.

(ബി) കൊല്ലം ജില്ലയിൽ ക്ലാപ്പന വില്ലേജിൽ 16 വീടുകൾ, ആറാട്ടുപുഴ പഞ്ചായത്ത് വാർഡ് 2-ൽ ഒരു വീട്, ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ പഞ്ചായത്തിൽ 90 വീടുകൾ നിർമ്മിച്ചു. എറണാകുളം ജില്ലയിൽ എടവനക്കാട് 44 വീടുകളും പുതുവൈപ്പിൽ 5 വീടുകളും എഴുകുന്നപ്പുഴയിൽ 3 വീടുകളും നിർമ്മിച്ചു.

(സി) സുനാമിമൂലം മത്സ്യബന്ധന തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ട 5471 ഗ്രൂപ്പുകൾക്കായി കേടുപാടുകൾ വന്ന ഉപകരണങ്ങൾ നന്നാക്കുന്നതിനും പ്രവർത്തന മൂലധനമായും ഇതുവരെ 7.8 കോടി രൂപ ചെലവഴിച്ചു. സർക്കാർ അനുവദിച്ച 13.85 കോടിയിൽ നിന്നാണ് ചെലവഴിച്ചത്. ബാക്കി തുക ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. 25-6-2005-ലെ നമ്പർതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

## സുനാമി ദുരന്തവും പുനരധിവാസവും

175 [176] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:*
,, *എം. പ്രകാശൻ മാസ്റ്റർ:*
,, *വി. കെ. ചന്ദ്രൻ:*
,, *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതബാധിതർക്കായി കേന്ദ്ര സർക്കാർ പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സുനാമി ദുരന്തത്തെത്തുടർന്ന് വീടും ജീവനോപാധികളും നഷ്ടപ്പെട്ടവരുടെ പുനരുദ്ധാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് പറയാമോ; പുനരുദ്ധാരണ നടപടികൾ പൂർത്തീകരിച്ചോ; വീടുകൾ നഷ്ടപ്പെട്ട എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞു;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/564/2012—27

LIBRARY ARCHIVES Kerala Legislative Assembly